പ്രകാശ്.പി, ഹരികുമാർ.എൻ.കെ

# ചാലിയാറിന്റെ തീരത്തെ 'കേരകേസരി'

ഡൊമിനിക്കിന്റെ തെങ്ങിൻതോപ്പിൽ ഇല്ലാത്ത ഇടവിളകളില്ല എന്നു പറയാം. ജാതി, കുരുമുളക്, ഗ്രാമ്പു, കൊക്കോ, ചേമ്പ്, ചേന, വാഴ, തീറ്റപ്പുല്ല്, പച്ചക്കറികൾ, പഴവർഗങ്ങൾ, തേക്ക്, മഹാഗണി തുടങ്ങിയ മരങ്ങൾ, പശു വളർത്തൽ, ആടുവളർത്തൽ, മുട്ടക്കോഴി, ഓമന പക്ഷികൾ, എല്ലാറ്റിനുമുപരി മീൻവളർത്തലും, നല്ലയിനം നായ്ക്കളും. സ്വന്തം പേരിലുള്ള ആറേക്കറിനു പുറമെ ഭാര്യയുടെയും അമ്മയുടെയും പുത്രന്റെയും പേരിൽ ഉള്ളതുൾപ്പെടെ ഏകദേശം 15 ഏക്കറിലാണ് ഡൊമിനിക്കിന്റെ കൃഷി. ഇദ്ദേഹത്തിന്റെ കൃഷി മികവിന് നേരത്തെ തന്നെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാന കൃഷിവകുപ്പിന്റെ മികച്ച കേരകർഷകനുള്ള ഈ വർഷത്തെ 'കേരകേസരി അവാർഡ്' ഡൊമിനിക്കിനായിരുന്നു.

വിവിധ ജൈവഘടകങ്ങളുടെ ഒരു പുനരാവർത്തനം. അതാണ് ഇവിടുത്തെ സവിശേഷത. പശുക്കളും ആടും അവയുടെ കുഞ്ഞുങ്ങളും ചേർന്ന് കൃഷിയിടത്തിനാവശ്യമായ ജൈവവളം നൽകുന്നു. ഇന്ധനാവശ്യത്തിന് ബയോഗ്യാസ് പ്ലാന്റ്, ഇതിൽ നിന്നുള്ള സ്ലറി പമ്പുപയോഗിച്ച് വിളകളുടെ ചുവട്ടിലെത്തിക്കുന്നു. ഇതോടൊപ്പമുള്ള മണ്ണിര കമ്പോസ്റ്റ് നിർമ്മാണയൂണിറ്റ് വേണ്ടത്ര മണ്ണിര കമ്പോസ്റ്റും നൽകും. ഏകരാസവളം പൊട്ടാഷ് മാത്രം. തെങ്ങിന്റെയും ജാതിയുടെയും ചുവട്ടിൽ തടമെടുത്ത് ചകിരി അടുക്കുന്നത് ജലസംരക്ഷണത്തിനുപുറമെ സസ്യപോഷണവും ഉറപ്പാക്കുന്നു. കൃഷിവകുപ്പിന്റെ സൂക്ഷ്മജലസേചന പ്രദർശനത്തോട്ടം കൂടെയാണ് ഇദ്ദേഹത്തിന്റെ കൃഷിയിടം.

വീട്ടാവശ്യത്തിനു വേണ്ട പച്ചക്കറിയും, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി തുടങ്ങിയവയും ഉത്പാദിപ്പിക്കുന്നതിനു പുറമെ അവയുടെ മികച്ച വിത്ത് ഉത്പാദിപ്പിച്ച് സമീപകർഷകർക്ക് നൽകുകയും ചെയ്യുന്നു. രണ്ട് സ്ഥിരം തൊഴിലാളികളോടൊപ്പം ഡൊമിനിക്കും കുടുംബാംഗങ്ങളും സദാ കൃഷിസ്ഥലത്തുണ്ട്. അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ കൃഷിവകുപ്പിന്റെ ഫാമുകളിൽ നിന്നും മറ്റ് ഗവേഷണസ്ഥാപനങ്ങളിൽ നിന്നും എത്തിച്ച് ഇദ്ദേഹം കൃഷി ചെയ്യുന്നു. പുത്തൻ കൃഷി അറിവുകൾ തന്റെ കൃഷിയിടത്തിൽ പ്രയോഗിക്കാനും ഇദ്ദേഹം സദാസന്നദ്ധനാണ്.

കേരകേസരിയെങ്കിലും കൃഷി തെങ്ങിൽ മാത്രം ഒതുങ്ങുന്നു എന്നു കരുതരുത്. ഒരു വർഷം 80000 ൽ അധികം നാളികേരം ലഭിക്കുന്ന മികച്ച കായ്ഫലമുള്ള 450 തെങ്ങുകൾക്കൊപ്പം 150 തൈതെങ്ങുകൾ, അത്യുത്പാദനശേഷിയുള്ള 1500 കമുക്, കായ്ക്കുന്ന 300 ജാതി, ആയിരത്തിലധികം കൊക്കോ, 300 ചുവട് കുരുമുളക്, ഗ്രാമ്പു, മഞ്ഞൾ, ഇഞ്ചി, ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, പച്ചക്കറികൾ എല്ലാം ഈ കൃഷിയിടത്തിലുണ്ട്. മരങ്ങൾ വളർത്തുന്നതിൽ ഈ കർഷകന് പ്രത്യേക താൽപര്യവും വൈഭവവുമുണ്ട്. ഇവയോടൊപ്പം പശു, മുട്ടക്കോഴി, ആട്, താറാവ്, ഗിനിക്കോഴി, പ്രാവുകൾ, ഓമന പക്ഷികൾ, നല്ലയിനം നായ്ക്കൾ, മത്സ്യം വളർത്തൽ, ചെറുതേൻ കൃഷി എന്നിവയും ഡൊമിനിക്കിന്റെ കൃഷിയുടെ ഭാഗമാണ്. കുടിയേറ്റ കർഷകന്റെ ദൗർബല്യമാണ് റബ്ബറെങ്കിലും ഡൊമിനിക് റബ്ബറിന്റെ വഴിയേ പോയില്ല. പകരം റബ്ബർ മുറിച്ചുമാറ്റിയ സ്ഥലത്ത് പോലും തെങ്ങ് വച്ചു! തെങ്ങ് നടീലിനും ഇദ്ദേഹത്തിന് പ്രത്യേക രീതികളുണ്ട്. സ്വന്തം കൃഷിയിടത്തിലെ വിത്തുതേങ്ങ തന്നെയാണ് തൈകൾക്കെടുത്തത്. വലിയ കുഴികളിലായി നട്ടിരിക്കുന്ന തെങ്ങുകളിൽ പലതും നാലാം വർഷമായപ്പോൾത്തന്നെ വിളവെത്തിയിരിക്കുന്നു. കുഴികളിൽത്തന്നെ ചൊട്ടയിട്ട് നിൽക്കുന്ന തെങ്ങുകൾ നയന മനോഹര



ദൃശ്യമാണ്. തടങ്ങളിൽ പയറ് വിതച്ചിട്ടുണ്ട്. ഇടവിളയായ തീറ്റപ്പുല്ല് കാലികൾക്കും ആടിനും തീറ്റയാണ്. ഒപ്പം മരച്ചീനി, മഞ്ഞൾ, ഇഞ്ചി എന്നിവ വേറെയും കൃഷിയിടമാകെ ഇടക്കയ്യാലകൾ തീർത്ത് മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ട്.

കമുകിന് മഞ്ഞളിപ്പ് വ്യാപകമായപ്പോൾ ഡൊമിനിക് ആശങ്കപ്പെട്ടില്ല. പകരം തന്റെ രോഗബാധിതമായ ഒരു കമുകിൻ തോട്ടം മികച്ച ജാതി, കൊക്കോ തോട്ടമാക്കി. ഒപ്പം തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷവിളകളും നട്ടു. കൃഷിയിടത്തിന്റെ ഒരു വശത്തുകൂടിയൊഴുകുന്ന ചാലിയാർ പുഴയുടെ പ്രധാന കൈവഴിയായ ഇരവഞ്ഞിപ്പുഴയോട് ചേർന്നുള്ള കൃഷിയിടം വളരെ ചെങ്കു

ത്തായ പ്രദേശമാണ്. എന്നാൽ ഇവിടെ ഓരോ കമുകിനും തടം തീർത്ത് മികച്ച മണ്ണ് - ജല സംരക്ഷണ തന്ത്രം അവലംബിച്ച് വിവിധ ഇനം കമുകുകൾ വളർത്തിയിരിക്കുന്നത് ആരെയും അത്ഭുതപ്പെടുത്തും.

ജൈവകൃഷിയോടാണ് ഡൊമിനിക്കിന് എന്നും പ്രിയം. കാലിവളം, കടലപ്പിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി, ബയോഗ്യാസ് പ്ലാന്റിൽ നിന്നുള്ള വാണ്. ബയോഗ്യാസ് സ്ലറി, സ്ലറി പമ്പ് ഉപയോഗിച്ചാണ് വൃക്ഷവിളകൾക്കു നൽകുന്നത്.

കൊക്കോ കായ്കൾ സംസ്കരിച്ച് ഉണക്കി വിൽക്കുന്നു. പച്ചക്കായ് വിൽക്കുന്നതിനേക്കാൾ ആദായമാണിത്. ജാതിപത്രി, ജാതിക്കായ്, ഗ്രാമ്പു, കുരുമുളക് എന്നിവ ഉണക്കി സൂക്ഷിച്ച് ഉയർന്ന വിലയാകുമ്പോഴാണ് വിപണിയിലെത്തിക്കുക. തേങ്ങാപ്പാലിൽ നിന്നുള്ള വെന്ത



നാലുവർഷം പ്രായമായ തെങ്ങിനരികിൽ ഡൊമിനിക്

ചാണകക്കുഴമ്പ് എന്നിവ പ്രധാന വളങ്ങൾ. പയർ ചെടികൾ നൈസർഗിക നൈട്രജൻ നൽകുന്നു. കൃഷിയിടത്തിലെ പാഴ്‌വസ്തുക്കൾ പരമാവധി അവിടെ ത്തന്നെ പ്രയോജനപ്പെടുത്തുന്നു.

അഞ്ച് പശുക്കളും കന്നുകുട്ടികളുമടങ്ങിയ ഡയറിയൂണിറ്റ് കൃഷിക്ക് ആവശ്യമായ കാലിവളവും പാൽ വിൽപനയിലൂടെ വരുമാനവും ലഭ്യമാക്കുന്നു.

സാധ്യമായ തോതിൽ യന്ത്രവത്കരണവും ഡൊമിനിക്കിന്റെ കൃഷിയിടത്തിൽ ഉണ്ട്. ബ്രഷ്കട്ടർ, പവർ സ്പ്രേയർ, തെങ്ങ് കയറ്റയന്ത്രം എന്നിവ ഉപയോഗിക്കുന്നു.

കൃഷിസ്ഥലത്ത് ജല ദൗർലഭ്യം രൂക്ഷമാകുമ്പോൾ സ്പ്രിംഗ്ലർ നന പതി വെളിച്ചെണ്ണയും മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങളും ഉണ്ടാക്കാനുള്ള തയ്യാറെടുപ്പിലാണ് ഈ കർഷകൻ. പൈതൃകമായി കിട്ടിയ ആത്മധൈര്യവും അനുഭവസമ്പത്തും കൈമുതലായി സൂക്ഷിക്കുമ്പോഴും കൃഷിയിടത്തിൽ വിജയകഥകളുടെ പുതിയ അധ്യായം എഴുതിച്ചേർക്കുകയാണ് തിരുവമ്പാടിയിലെ ഈ 'കേരകേസരി'

*ഡൊമിനിക് എം.*
*മണ്ണുക്കുശുമ്പിൽ വീട്*
*ആനക്കാംപൊയിൽ പി.ഒ.,*
*ഫോൺ: 9447084502*
*0495 - 2276404*

തിരുവമ്പാടി കൃഷിഭവൻ ഉദ്യോഗസ്ഥരാണ് ലേഖകർ.

## അറിയിപ്പ്

### സംസ്ഥാന കർഷക അവാർഡുകൾ – അപേക്ഷ ക്ഷണിച്ചു

2010-11 വർഷത്തെ സംസ്ഥാന കർഷക അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു.

മികച്ച ഗ്രൂപ്പ് ഫാമിംഗ് സമിതിക്കുള്ള നെൽക്കതിർ അവാർഡ്, മികച്ച സംയോജിത കർഷകനുള്ള കർഷകോത്തമ അവാർഡ്, യുവകർഷകവനിതയ്ക്കുള്ള യുവകർഷകവനിത അവാർഡ്, യുവകർഷകനുള്ള യുവ കർഷക അവാർഡ്, കേര കർഷകനുള്ള കേരകേസരി, പച്ചക്കറി കർഷകനുള്ള ഹരിതമിത്ര, പുഷ്പ കൃഷിക്കാരനുള്ള ഉദ്യാനശ്രേഷ്ഠ, പട്ടികജാതി/പട്ടികവർഗ കർഷകനുള്ള കർഷക ജ്യോതി, അലങ്കാരപുഷ്പകയറ്റുമതിക്കാരനുള്ള ഫ്ളവർ എക്സ്പോർട്ടർ അവാർഡ്, കർഷകവനിതയ്ക്ക് നൽകുന്ന കർഷക തിലകം, കർഷക തൊഴിലാളിക്കുള്ള ശ്രമശക്തി, കാർഷിക ശാസ്ത്രജ്ഞനുള്ള കൃഷി വിജ്ഞാൻ, കാർഷിക വിജ്ഞാനവ്യാപന പ്രവർത്തകനുള്ള കർഷകമിത്ര, മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ക്ഷോണി സംരക്ഷണ അവാർഡ് , കാർഷിക പത്രപ്രവർത്തകനുള്ള കർഷകഭാരതി, മികച്ച ക്ഷീരകർഷകനുള്ള ക്ഷീരധാര അവാർഡ്, കോഴിവളർത്തൽ കർഷകനുള്ള പൗൾട്രി അവാർഡ്, മികച്ച കൃഷി ഫാമിനുള്ള ഹരിതകീർത്തി അവാർഡ് എന്നിവയ്ക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.

കൃഷിവിജ്ഞാൻ, കർഷകമിത്ര അവാർഡിനുള്ള അപേക്ഷകൾ ജനുവരി 16 ന് മുൻപ് കൃഷി ഡയറക്ടർക്ക് സമർപ്പിക്കണം. കർഷകഭാരതി അവാർഡിനുള്ള അപേക്ഷ ജനുവരി 16 ന് മുൻപ് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് നൽകണം. ക്ഷോണിസംരക്ഷണ അവാർഡിനുള്ള അപേക്ഷ ജില്ലാ മണ്ണുസംരക്ഷണ ഓഫീസർക്കും, ക്ഷീരധാര, പൗൾട്രി അവാർഡുകൾക്കുള്ള അപേക്ഷ മൃഗാശുപത്രിയിലോ, ഡയറി എക്സ്റ്റൻഷൻ ഓഫീസിലോ ഡിസംബർ 15ന് മുൻപ് സമർപ്പിക്കണം. ഹരിതകീർത്തിക്കുള്ള അപേക്ഷ ഡിസംബർ 26 ന് മുൻപ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകണം. മറ്റ് അവാർഡുകൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട കൃഷിഭവനിൽ ഡിസംബർ 15ന് മുൻപ് നൽകണം. കൂടുതൽ വിവരങ്ങൾ www.keralaagriculture.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.